(ബി) ഉണ്ടെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് കേന്ദ്രത്തിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാറ്റിൽ നിന്നും സ്വകാര്യ സംരംഭകർ വഴി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ G.O.No.23/2004/PD dated 6-11-2004-ലും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗരേഖ G.O.(MS)No.05/2006/PD dated 17-3-2006-ലും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ല.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

146 (5551) ശ്രീ. തോമസ് ചാഴികാടൻ :*
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയോടുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ മന്ത്രിസഭയിൽ എന്തെങ്കിലും ഭിന്നതയുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട് ; എത്രയാണ് ടെണ്ടർ തുക ; ഏതൊക്കെ കോൺട്രാക്ടർമാരാണ് പ്രസ്തുത ജോലികൾ ഏറ്റെടുത്തിരിക്കുന്നതെന്ന് വിശദമായി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള റീ ടെൻഡർ 8-10-2007-ന് ക്ഷണിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി 1-1-2008-ലെ ഉത്തരവു പ്രകാരം റീ ടെൻഡർ

LIBRARY ARCHIVES Kerala Legislative Assembly

റദ്ദുചെയ്യുകയും മെസ്സേഴ്സ് HCC-BHEL കൺസോർഷ്യത്തിന് പദ്ധതിയുടെ കരാർ നല്കാൻ ഉത്തരവിടുകയും ചെയ്തു. ബോർഡ് ഇതിനെതിരെ റിട്ട് അപ്പീൽ നല്കി. കൂടാതെ പദ്ധതിക്ക് എതിരായി 2 പൊതു താല്പര്യ ഹർജികളും ഫയൽ ചെയ്തിട്ടുണ്ട്. കേസുകളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. 4-1-2010-ൽ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് ബോർഡിന് ലഭിച്ചു. ബോർഡ് ഈ നോട്ടീസിന് 19-1-2010-ൽ മറുപടി നല്കി. തുടർന്ന് ടി മന്ത്രാലയം നിർദ്ദേശിച്ചതനുസരിച്ച് അവർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ മുമ്പാകെ ബോർഡ് വിശദാംശങ്ങൾ സമർപ്പിക്കുകയും, ഇതിനെ തുടർന്നുള്ള വിദഗ്ദ്ധ സമിതിയുടെ ചർച്ചകളിൽ ആവശ്യപ്പെട്ട പ്രകാരം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

(ബി) മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് ശേഷമേ പാരിസ്ഥിതിക അനുമതി നൽകുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളു എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(സി) മന്ത്രിസഭയുടേത് കൂട്ടായ തീരുമാനമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെൻഡർ ചെയ്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.†

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

147 (5552) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ എന്തെല്ലാമെന്ന് സർക്കാരിനറിയാമോ ; വിശദാംശം നൽകാമോ ;

(സി) പരിസ്ഥിതി സംഘടനകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ ; എങ്കിൽ എന്തു മറുപടിയാണ് പ്രസ്തുത തടസ്സവാദങ്ങൾക്കെതിരെ സർക്കാർ നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ സംസ്ഥാന വൈദ്യുതി മേഖലയിൽ എന്തെന്ത് നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ?

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly